भारतीय गैर न्यायिक

भारत

दस रुपये रु.10

TEN RUPEES Rs.10

GOVERNMENT OF KERALA
REVALIDATED RUPEES
Rs.100
(HUNDRED RUPEES)

SIGNATURE OF ... OFFICER

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA 32AA 136188

കൊല്ലവർഷം 1199 -ാം നുക്ക് ധനു 12 ന് 2023 ഡിസംബർ 28 ന് (രണ്ടായിരത്തി ഇരുപത്തി മൂന്ന് ഡിസംബർ ഇരുപത്തി എട്ട്) കോഴിക്കോട് താലൂക്ക്, മടവൂർ വില്ലേജ് മടവൂർ ദേശത്ത് (പി.ഒ. മടവൂർ ) ......................... എന്നവരെ മകൻ 54 വയസ്സ് താഴെവൈലാങ്കര മുഹമ്മദ്കോയ. യു.വി.(ആധാർ നമ്പർ. 6341 3322 4249) എന്നവർ 1-ാം പാർട്ടിയായും

Muhammad Koya

| 1-ാം പാർട്ടി | 2-ാം പാർട്ടി |
|---|---|
| [signature] | JAYAFAR [signature] |

No. 27769
Date 27.12.2023
Name Sri. ... കോഴിക്കോട് മടവൂർ
മുഹമ്മദ് കോയ. യു.വി
STAMP VENDOR, KUNNAMANGALAM
N. A. P. MURALEEDHARAN

[signature]

കോഴിക്കോട് 20 DEC 2023

भारतीय गैर न्यायिक

भारत

दस रुपये रु.10

TEN RUPEES Rs.10

GOVERNMENT OF KERALA
REVALIDATED TO
Rs.100
(HUNDRED RUPEES)
SIGNATURE OF TREASURY OFFICER

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA 32AA 136189



കോഴിക്കോട് താലൂക്ക്, കുന്നമംഗലം വില്ലേജ് കാരന്തൂർ ദേശത്ത് (പി.ഒ. കാരന്തൂർ) മൂസ്സ എന്നവരെ മകൻ 48 വയസ്സ് പടാളിയിൽ ജയഫർ (ആധാർ നമ്പർ. 8101 0489 2563), എന്നവർ 2-ാം പാർട്ടിയായും കൂടി എഴുതിയ ലൈസൻസ് എഗ്രിമെന്റ്.

Muhammed Koya

1-ാം പാർട്ടി

2-ാം പാർട്ടി

JAYAFAR.

No. 27770 Rs. 100/- നൂറ്റിപ്പത്ത് മാത്രം
Date 27-12-2023
Name Sri. മുഹമ്മദ്കോയ. പി.വി
STAMP VENDOR, KUNNAMANGALAM
A. P. MURALEEDHARAN

ജില്ലാ ട്രഷറി സ്റ്റാമ്പ് ഡിപ്പോ
20 DEC 2023
കോഴിക്കോട്

മേൽപറഞ്ഞ നമ്മളിൽ 1-ാം പാർട്ടിയുടെ ഉടമസ്ഥതയിലും കൈവശത്തിലും ഇരിക്കുന്നതും 1-ാം പാർട്ടിക്ക് വിക്രയ സ്വാതന്ത്ര്യമുള്ളതും കോഴിക്കോട് താലൂക്ക് കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ 8-ാം വാർഡിൽ മുക്കം റോഡിൽ ഗ്യാസ് ഏജൻസി ഓഫീസിന് സമീപം സ്ഥിതി ചെയ്യുന്നതുമായ KP 8/719 C, KP8/19 D എന്നീ നമ്പ്ര മുറികൾ ഇന്നു **(28-12-2023)** മുതൽ 11 (പതിനൊന്ന്) മാസക്കാലത്തേക്ക് ഒരു ലൈസൻസി എന്ന നിലയിൽ **CM General Trading Pvt. Ltd എന്ന ചായപ്പൊടി ഹോൾസെയിൽ കച്ചവടം** നടത്തുന്നതിന് വേണ്ടി ഉപയോഗിക്കുവാൻ 2-ാം പാർട്ടി 1-ാം പാർട്ടിയോട് അനുവാദം ചോദിക്കുകയും ഇന്നു മുതൽ 11 മാസക്കാലത്തേക്ക് 1,43,000/- (ഒരു ലക്ഷത്തി നാൽപ്പത്തി മൂവ്വായിരം) രൂപ ലൈസൻസ് ഫീസായി നിശ്ചയിച്ച് മേൽ സംഖ്യയെ 11 ഗഡുക്കളാക്കി മാസം തോറും രണ്ടു മുറികൾക്കും കൂടി 13,000/- (പതിമൂന്നായിരം) രൂപ പ്രകാരം ഒന്നാം പാർട്ടിക്ക് കൊടുക്കണമെന്ന വ്യവസ്ഥയിൽ മേൽ നമ്പ്ര മുറികൾ ഉപയോഗിക്കുവാൻ 1-ാം പാർട്ടി 2-ാം പാർട്ടിക്ക് അനുവാദം കൊടുക്കുകയും ചെയ്തിരിക്കയാൽ അതു സംബന്ധമായ നിശ്ചയങ്ങളും നിബന്ധനകളും താഴെ പറയും പ്രകാരമാകുന്നു.

1-ാം പാർട്ടി 2-ാം പാർട്ടിക്ക് നൽകിയ അനുവാദം ഒരു സിമ്പിൾ ലൈസൻസ് മാത്രമാണെന്നും ആയത് കുടിയായ്മയോ ലൈസൻസ് കപ്പിൾഡ് വിത്ത് ഇൻട്രസ്റ്റോ അല്ലാത്തതും ഇപ്പോൾ നിലവിലുള്ളതും മേലിൽ നിലവിൽ വരുന്നതുമായ കെട്ടിട വാടക നിയന്ത്രണ നിയമങ്ങളുടെ പരിധിയിൽ വരാത്തതും ആണെന്നും മറിച്ചുള്ള വാദങ്ങൾ ഉന്നയിക്കുവാൻ പാടില്ലാത്തതുമാണ് എന്നും ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

ഈ ലൈസൻസ് എഗ്രിമെന്റു പ്രകാരം ഒരു താൽക്കാലിക അനുവാദം 2-ാം പാർട്ടിക്ക് 1-ാം പാർട്ടിയിൽ നിന്നും ലഭിക്കുന്നതല്ലാതെ മുറികളുടെ പരിപൂർണ്ണ ഉടമസ്ഥാവകാശം 1-ാം പാർട്ടിക്ക് തന്നെ ആയിരിക്കുന്നതാണെന്നും അന്യോന്യം നിശ്ചയിക്കുകയും സമ്മതിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടു ഇന്നു മുതൽ 11 മാസക്കാലം മേൽ നമ്പർ പീടികമുറികൾ ഉപയോഗിച്ചു ലൈസൻസ് ഫീ എല്ലാ മാസവും 2 മുറികൾക്കും കൂടി 13,000/- (പതിമൂന്നായിരം) ഉറുപ്പിക പ്രകാരം 1-ാം പാർട്ടിക്കു കൊടുക്കേണ്ടതാണെന്നും ലൈസൻസ് ഫീ തുടർച്ചയായി 2 (രണ്ട്) മാസത്തേക്ക് ബാക്കി നിർത്തിയാൽ കാലാവധി പരിഗണിക്കാതെ 2-ാം പാർട്ടിയെ ഒഴിപ്പിക്കാൻ 1-ാം പാർട്ടിക്ക് അധികാരമുണ്ടായിരിക്കുമെന്നും നമ്മൾ നിശ്ചയിച്ചിരിക്കുന്നു.

ഇന്നു മുതൽ 11 മാസക്കാലം 2-ാം പാർട്ടി മേൽ നമ്പ്ര മുറികൾ മേൽപറഞ്ഞ ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുകയല്ലാതെ കൈമാറാനോ കീഴ്കൂലിക്ക് കൊടുപ്പാനോ ഭേദഗതി വരുത്താനോ, റിപ്പയർ ചെയ്യാനോ സർക്കാർ നിരോധിച്ച യാതൊരു വസ്തുക്കളും മുറികളിൽ സൂക്ഷിക്കുവാനോ 2-ാം പാർട്ടിക്ക് അവകാശമില്ലെന്നും അപ്രകാരം വല്ല പ്രവർത്തനവും 2-ാം പാർട്ടിയുടെ ഭാഗത്തുനിന്നുണ്ടായാൽ യാതൊരു മുന്നറിയിപ്പും കൂടാതെ 1-ാം പാർട്ടിക്ക് 2-ാം പാർട്ടിയുടെ സാധനങ്ങൾ മുറികളിൽ നിന്നും ഒഴിവാക്കി 2-ാം പാർട്ടി മുറികളിലേക്ക് പ്രവേശിക്കുന്നത് നിരോധിക്കാവുന്നതാണെന്നും മുറികൾ ഒഴിപ്പിച്ചെടുക്കുന്നതിനാവശ്യമായി വരുന്ന ചിലവുകൾ 2-ാം പാർട്ടിയിൽ നിന്ന് ഈടാക്കാവുന്നതാണെന്നും ആവശ്യമായ ലൈസൻസുകൾ 2-ാം പാർട്ടി സ്വന്തം ചിലവിൽ വാങ്ങേണ്ടതാണെന്നും 2-ാം പാർട്ടി മുറി ഉപയോഗിക്കുമ്പോഴുണ്ടാകുന്ന വെയ്സ്റ്റുകൾ 2-ാം പാർട്ടിയുടെ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ഒഴിവാക്കേണ്ടതാണെന്നും നമ്മൾ നിശ്ചയിക്കുകയും സമ്മതിക്കുകയും ചെയ്തിരിക്കുന്നു.

| | |
|---|---|
| 1-ാം പാർട്ടി | 2-ാം പാർട്ടി |
| Muhammed Koya | JAYAFAR |

മുറികളും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടത് 2-ാം പാർട്ടിയുടെ ചുമതലയിൽപെടുന്നതാണ്. 2-ാം പാർട്ടിക്ക് തടസ്സം വരാത്ത വിധത്തിൽ 1-ാം പാർട്ടിക്ക് മേൽപറഞ്ഞ മുറികൾ പരിശോധിക്കാവുന്നതും ആയതിന് രണ്ടാം പാർട്ടി യാതൊരു തടസ്സവും പറയുവാൻ പാടില്ലാത്തതാണെന്നും ഇന്നു മുതൽ 11 (പതിനൊന്ന്) മാസം കഴിയുന്നതോടു കൂടി ഈ ലൈസൻസ് അവസാനിക്കുന്നതും തുടർന്ന് യാതൊരു കാരണവശാലും 2-ാം പാർട്ടിക്ക് മുറികളിലേക്ക് പ്രവേശനം ഉണ്ടായിരിക്കുന്നത ല്ലാത്തതുമാണ്. മേൽ നമ്പ്ര മുറികളിൽ 2-ാം പാർട്ടി ഉപയോഗിക്കുന്ന കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ഉണ്ടെങ്കിൽ ആയത് ലൈസൻസ് ഫീക്കു പുറമെ മാസം തോറും 2-ാം പാർട്ടി അടച്ചു രശീതി 1-ാം പാർട്ടിയെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. പ്ലാസ്റ്റിക്ക് കവറുകൾ, മറ്റ് പാഴ്‌വസ്തുക്കൾ, പഴയ ചെരിപ്പുകൾ, മറ്റു വെയ്സ്റ്റുകൾ എന്നിവ മേൽ പറഞ്ഞ മുറികളിലും പരിസരത്തും നിക്ഷേപിക്കാൻ പാടില്ലാത്തതും ആയവ 2-ാം പാർട്ടിയുടെ സ്വന്തം ഉത്തരവാദിത്വത്തിൽ നിർമ്മാർജ്ജനം ചെയ്യേണ്ടതും ആവശ്യമായ ലൈസൻസുകൾ 2-ാം പാർട്ടി സ്വന്തം ചിലവിൽ വാങ്ങേണ്ടതാണെന്നും, കാലാവധിക്ക് ശേഷം ഈ ലൈസൻസ് തുടരുവാൻ ഇരുപാർട്ടികൾക്കും സമ്മതമാണെങ്കിൽ നിലവിലുള്ള ലൈസൻസ് ഫീ യുടെ 10% വർദ്ധനവോടുകൂടി 2-ാം പാർട്ടി 1-ാം പാർട്ടിക്ക് കൊടുക്കേണ്ടതാണെന്നും നമ്മൾ നിശ്ചയിച്ചിരിക്കുന്നു.

മേൽ നമ്പ മുറികൾ 2-ാം പാർട്ടിക്ക് മേൽപറഞ്ഞ ആവശ്യത്തിന് ഉപയോഗിക്കുകയല്ലാതെ പടക്കം മുതലായ സ്ഫോടക വസ്തുക്കളോ ലഹരി പദാർത്ഥങ്ങൾ ആസിഡ് എന്നിവകളും നിരോധിച്ച വസ്തുക്കൾ മയക്കുമരുന്ന് പരിസര പ്രദേശത്തെ കച്ചവടക്കാർക്ക് ഉപദ്രവങ്ങളായ മറ്റു ക്ഷാരവസ്തുക്കൾ ഇവ സൂക്ഷിക്കുവാനോ കൈകാര്യം ചെയ്യുവാനോ പാടില്ലാത്തതും ആകുന്നു.

അവധികഴിഞ്ഞ് ലൈസൻസ് അവസാനിക്കുമ്പോൾ ലൈസൻസ് ഫീ വകയിൽ വല്ല സംഖ്യയും 2-ാം പാർട്ടിയിൽ നിന്ന് 1-ാം പാർട്ടിക്ക് കിട്ടുവാനുണ്ടെങ്കിലോ 2-ാം പാർട്ടിയുടെ നോട്ടക്കുറവിനാൽ സ്ഥലത്തിന് വല്ല കേടുപാടുകളും സംഭവിച്ചിട്ടുണ്ടെങ്കിലോ, കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ അടക്കുവാൻ ബാക്കിയുണ്ടെങ്കിലോ അത്തരം നഷ്ടങ്ങൾ 2-ാം പാർട്ടിയിൽ നിന്ന് വസൂൽ ചെയ്ത് എടുക്കുന്നതിനായി രണ്ട് മുറികൾക്കും കൂടി സെക്യൂരിറ്റി ഡിപ്പോസിറ്റായി നിശ്ചയിച്ച 50,000/- (അൻപതിനായിരം) ഉറുപ്പിക 2-ാം പാർട്ടി 1-ാം പാർട്ടിക്കു റൊക്കം കൊടുക്കുകയും 1-ാം പാർട്ടിക്കു പണം കിട്ടി ബോദ്ധ്യം വരികയും ചെയ്തിരിക്കുന്നു.

ഈ ലൈസൻസ് അവസാനിക്കുമ്പോൾ മേൽ വിവരിച്ച പ്രകാരമുള്ള വല്ല സംഖ്യയും 2-ാം പാർട്ടിയിൽ നിന്നും 1-ാം പാർട്ടിക്ക് കിട്ടുവാനുള്ള പക്ഷം 1-ാം പാർട്ടിക്ക് ആയത് സെക്യൂരിറ്റി സംഖ്യയിൽ നിന്നും വകവെച്ചെടുക്കാവുന്നതാണെന്നും യാതൊരു സംഖ്യയും അപ്പോൾ 2-ാം പാർട്ടിയിൽ നിന്നും 1-ാം പാർട്ടിക്ക് കിട്ടുവാനില്ലെങ്കിൽ സെക്യൂരിറ്റി സംഖ്യ മുഴുവനും ഒന്നായി യാതൊരു പലിശയുമില്ലാതെ 1-ാം പാർട്ടി 2-ാം പാർട്ടിക്ക് തിരികെ കൊടുക്കേണ്ടതാണെന്നും നിശ്ചയിച്ചും സമ്മതിച്ചും 200 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ കമ്പ്യൂട്ടർ ടൈപ്പ് ചെയ്ത് താഴെ പേരെഴുതി ഒപ്പിടുന്ന സാക്ഷികൾ മുഖേന നമ്മൾ ഇതിൽ ഒപ്പിടുകയും ഒറിജിനൽ 1-ാം പാർട്ടിയും ഫോട്ടോസ്റ്റാറ്റ് കോപ്പി 2-ാം പാർട്ടിയും സൂക്ഷിക്കുകയും ചെയ്തിരിക്കുന്നു

Muhammad Koya

1-ാം പാർട്ടി

2-ാം പാർട്ടി

JAYAFAR.

സാക്ഷികൾ :

1. Moosa Nadil. P

2. K. Mammedkoya